1937
19/2/15

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പുലയനാർകോട്ട കെയർഹോമിന് വാട്ടർ കണക്ഷൻ എടുക്കുന്നതിനായി അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം. 70/2015/സാനീവ — തിരുവനന്തപുരം, തീയതി 07.02.2015

==========================================================================

പരാമർശം : (1) 26.03.2014 ലെ സ.ഉ (സാധാ) 215/14/സാനീവ നം. ഉത്തരവ്.

(2) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 23.08.2014 ലെ ജി4-24371/13 നം. കത്ത്.

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള പുലയനാർ കോട്ട കെയർഹോം സ്ഥാപനത്തിലേക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിനായി പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 24,15,000/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി തുക ഉപയോഗിച്ച് വാട്ടർ കണക്ഷന്റെ പണി പൂർത്തീകരിക്കാൻ സാധിക്കില്ലായെന്നും ആയതിലേക്കായി അധികമായി 4,40, 849/- രൂപ ആവശ്യമാണെന്നും പരാമർശം 2 പ്രകാരം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പുലയനാർകോട്ട കെയർഹോം സ്ഥാപനത്തിന് വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനായി അധികമായി ആവശ്യമുള്ള തുകയായ 4,40,849/- (നാല് ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി നാല്പത്തി ഒൻപത്) രൂപ അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-02-001-96 (പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എം.ലീലാണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള , തിരുവനന്തപുരം
✓വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ